# പടവുകൾ

കെ.എൽ.ഡി.ബി. വാർത്താപത്രിക

**കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് ലിമിറ്റഡ്**

(ഒരു കേരള സർക്കാർ സ്ഥാപനം) AN ISO 9001 : 2015 CERTIFIED COMPANY

ഗോകുലം, പട്ടം പി.ഒ., തിരുവനന്തപുരം-695 004 | ഫോൺ: 0471-2440920, ഫാക്സ്: 0471-2440673 | www.livestock.kerala.gov.in

വാല്യം-4, ലക്കം-1
ജനുവരി 2020


# നേട്ടങ്ങളുടെ നെറുകയിൽ ക്ഷീരമേഖല



പ്രളയത്തിൽ തകർന്ന കേരളത്തിലെ ക്ഷീരകർഷകർക്ക് താങ്ങും തണലുമായി നിരവധി ക്രിയാത്മക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിലൂടെ, സംസ്ഥാനത്തെ ക്ഷീരോൽപ്പാദന മേഖല നേട്ടങ്ങളുടെ നെറുകയിലേയ്ക്ക് കുതിക്കുന്നു. പാലുൽപ്പാദന മേഖലയിലെ വൻ മുന്നേറ്റത്തിന്റെ പശ്ചാത്തലത്തിലായിരുന്നു അപ്രതീക്ഷിത ദുരന്തങ്ങൾ ക്ഷീരമേഖലയെ വീണ്ടും തളർത്തിയത്. എന്നാൽ, 2019ലെ കന്നുകാലി സെൻസസ് ഈ മേഖലയിൽ വളരെയധികം പ്രതീക്ഷ നൽകുന്നു. കുത്തനെ താഴേയ്ക്ക് പോകുകയായിരുന്ന പശുക്കളുടെ എണ്ണം നാമമാത്രമായെങ്കിലും കൂടി എന്നത് ഈ മേഖലയുടെ സംപുഷ്ടീകരണത്തിനുള്ള തെളിവാണ്. പശുവളർത്തൽ മേഖലയിൽ നിന്നുമകന്ന് പൊയ്ക്കൊണ്ടിരുന്ന ഒരു ജനതയുടെ ചിന്താഗതികളിൽ വരുന്ന പുരോഗമനപരമായ മാറ്റങ്ങളുടെ പ്രതിഫലനമായി നമുക്ക് ഇതിനെ കാണാം.

2007 മുതൽ 2012 വരെയുള്ള കാലയളവിൽ 23 ശതമാനത്തിലധികം കുറവായിരുന്നു പശുക്കളുടേയും എരുമകളുടെയും എണ്ണത്തിൽ രേഖപ്പെടുത്തിയത്. എന്നാൽ 2019ൽ ഇതിൽ പ്രകടമായ കുറവുണ്ടായില്ല എന്നു മാത്രമല്ല, നാമമാത്രമായാണെങ്കിലും വർദ്ധിക്കുകയാണുണ്ടായത്. ഈ വർദ്ധന ശുഭസൂചകമാണെന്ന കാര്യത്തിൽ രണ്ടഭിപ്രായമില്ല. സർക്കാരിന്റേയും ഈ മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ ഏജൻസികൾ, വകുപ്പുകൾ എന്നിവയുടെയും സംയോജിതവും ക്രിയാത്മകവുമായ ഇടപെടലുകളും, പുതുമയാർന്നതും കർഷക പ്രയോജനകരവുമായ പദ്ധതികൾ ദീർഘവീക്ഷണത്തോടെ ആവിഷ്കരിച്ച് വിജയകരമായി നടപ്പിലാക്കുന്നുവെന്നതിന്റെ സൂചനയായും നമുക്കിതിനെ കാണാം. അതോടൊപ്പം സ്ഥായിയായുണ്ടായ കന്നുകാലികളുടെ ഉയർന്ന പാലുൽപ്പാദനക്ഷമത ഈ മേഖലയെ ശോഭനമായ ഭാവിയിലേയ്ക്ക് നയിക്കുന്നു. പാലുൽപ്പാദനത്തിൽ സ്വയം പര്യാപ്തത എന്ന ലക്ഷ്യത്തിലേയ്ക്കിനി അധികം ദൂരമില്ല എന്ന കാര്യം നമുക്ക് പ്രത്യാശയും അഭിമാനവും നൽകുന്നു.

## കെ.എൽ.ഡി.ബോർഡിന് പുതിയ ചെയർമാൻ



കെ.എൽ.ഡി.ബോർഡിന്റെ പുതിയ ചെയർമാനായി ശ്രീ. രാജേഷ് കുമാർ സിംഗ് IAS-നെ സർക്കാർ നിയോഗിച്ചു. ധനകാര്യ, മൃഗസംരക്ഷണ, ക്ഷീര വികസന വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയാണ് അദ്ദേഹം.

## കന്നുകാലികളുടെ എണ്ണം – നാൾവഴികളിലൂടെ

(ലക്ഷത്തിൽ)

| വിഭാഗം | 1956 | 1961 | 1966 | 1972 | 1977 | 1982 | 1987 | 1996 | 2003 | 2007 | 2012 | 2019 * |
|---|---|---|---|---|---|---|---|---|---|---|---|---|
| സങ്കരവർഗ്ഗപ്പശുക്കൾ | - | - | - | - | 13.55 | 14.53 | 17.02 | 22.87 | 17.35 | 16.21 | 12.52 | - |
| നാടൻ ജനുസ്സുകൾ | | | | | 16.51 | 16.44 | 17.22 | 11.09 | 3.87 | 1.19 | 0.77 | - |
| ആകെ | 25.10 | 27.53 | 28.57 | 28.56 | 30.06 | 30.97 | 34.24 | 33.96 | 21.22 | 17.40 | 13.29 | 13.42 |
| വർദ്ധനവ്/കുറവ് (ശതമാനത്തിൽ) | | 9.68 | 3.78 | -0.04 | 5.25 | 3.03 | 10.56 | -0.82 | -37.51 | -18.00 | -23.26 | 0.97 |
| എരുമകൾ | 4.88 | 4.85 | 4.71 | 4.72 | 4.54 | 4.09 | 3.29 | 1.65 | 0.65 | 0.58 | 1.02 | 1.01 |
| വർദ്ധനവ്/കുറവ് (ശതമാനത്തിൽ) | | -0.61 | -2.89 | 0.21 | -3.81 | -9.91 | -19.56 | -49.85 | -60.60 | -10.76 | 75.86 | -0.98 |
| ആകെ കന്നുകാലികൾ | 29.98 | 32.38 | 33.28 | 33.28 | 34.60 | 35.06 | 37.53 | 35.61 | 21.87 | 17.98 | 14.31 | 14.43 |
| വർദ്ധനവ്/കുറവ് (ശതമാനത്തിൽ) | | 8.01 | 2.78 | 0.00 | 3.97 | 1.33 | 7.05 | -5.12 | -38.58 | -17.78 | -25.64 | 0.83 |

2019* ഔദ്യോഗികമായി പ്രസിദ്ധീകരിച്ചിട്ടില്ല.

## കന്നുകാലികളിലെ കൃത്രിമ ബീജാധാനം

# പരിശീലകർക്കുള്ള പരിശീലന പരിപാടി

2008 ലെ കന്നുകാലി പ്രജനന നയമായിരുന്നു സംസ്ഥാനത്ത് നടപ്പിലാക്കി വന്നിരുന്നത്. പ്രസ്തുത നയത്തിൽ ആവശ്യമെങ്കിൽ മാറ്റങ്ങൾ വരുത്തി, സംസ്ഥാനത്തെ പാലുൽപ്പാദന മേഖലയിൽ സ്വയം പര്യാപ്തത എത്രയും വേഗം കരസ്ഥമാക്കുക എന്ന ഉദ്ദേശത്തിൽ, സംസ്ഥാന കന്നുകാലി പ്രജനന നയം പുനരവലോകനം ചെയ്യുന്നതിന് ഒരു ദേശീയ ശിൽപ്പശാല തിരുവനന്തപുരത്ത് നടത്തുകയും, പ്രജനന നയം പുനരവലോകനം ചെയ്യുകയും ചെയ്തു. കഴിഞ്ഞ പത്തുവർഷക്കാലയള



**ഏകദിന പരിശീലന പരിപാടിയുടെ ഉദ്ഘാടനം ബഹു. മന്ത്രി അഡ്വ. കെ. രാജു ധോണി ഫാമിൽ വച്ച് നിർവ്വഹിച്ചപ്പോൾ. പാലക്കാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, കെ.എൽ.ഡി ബോർഡ് മാനേജിംഗ് ഡയറക്ടർ തുടങ്ങിവർ സമീപം.**



**പ്രജനന നയത്തെക്കുറിച്ചും കൃത്രിമ ബീജാധാനത്തെക്കുറിച്ചും പരിശീലകർക്കുള്ള മാർഗ്ഗരേഖയുടെ പ്രകാശനം ബഹു. മന്ത്രി നിർവ്വഹിച്ചപ്പോൾ**

വിൽ സംസ്ഥാനത്തുണ്ടായ സാമൂഹ്യ-സാംസ്കാരിക - സാമ്പത്തിക മാറ്റങ്ങൾ, വിഭവ ലഭ്യതയിലുള്ള വ്യതിയാനങ്ങൾ, കാലാവസ്ഥാ വ്യതിയാനം പോലുള്ള പ്രതിഭാസങ്ങൾ എന്നിവയൊക്കെ ഉൾക്കൊണ്ടുകൊണ്ട് മുമ്പോട്ടുള്ള പ്രയാണം ഏത് രീതിയിലായിരിക്കണം എന്നതിനെക്കുറിച്ച് ഒരു പ്രായോഗിക തീരുമാനത്തിലെത്തുവാൻ വേണ്ടിയാണ് ഈ ശിൽപ്പശാല നടത്തിയത്.

അവലോകന ശിൽപ്പശാലയിൽ ഉയർന്നു വന്ന ഒരു പ്രധാന ആശയമായിരുന്നു, സംസ്ഥാനത്ത് നടപ്പിലാക്കുന്ന കന്നുകാലി പ്രജനന പരിപാടികളെക്കുറിച്ചും, കൃത്രിമ ബീജാധാനത്തെക്കുറിച്ചുമുള്ള സാങ്കേതിക വിവരങ്ങൾ കർഷകരിലേക്ക് എത്തിക്കുക എന്നുള്ളത്. സർക്കാരും, കെ.എൽ.ഡി. ബോർഡും ഇതര വകുപ്പുകളും കന്നുകാലി പ്രജനന പരിപാടികളിൽ അനുവർത്തിച്ചുപോരുന്ന ശാസ്ത്രീയ രീതികളും അതുകൊണ്ട് ഈ മേഖലയിലെ കർഷകർക്കുണ്ടാകുന്ന ഗുണങ്ങളും വേണ്ടവിധത്തിൽ കർഷകരിലേയ്ക്കും, ഈ മേഖലയിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കും എത്തുന്നില്ല എന്ന അഭിപ്രായം ഉയർന്നു വന്നിരുന്നു.

പലപ്പോഴും ക്ഷീരകർഷകർക്ക് തങ്ങളുടെ ഉരുക്കൾക്ക് ആവശ്യമായ - വിവിധയിനം വിത്തുകാളകളുടെ ബീജമാത്രകൾ - ബീജാധാന കേന്ദ്രങ്ങളിൽ ലഭ്യമാണ് എന്ന വസ്തുത പോലും വ്യക്തമായി അറിയില്ല. ആയതിനാൽ ഈ രംഗത്ത് ഒരു സമൂലമായ മാറ്റം വരുത്തേണ്ടതും കർഷകരുടെ ആശങ്കകൾ പരിഹരിക്കപ്പെടേണ്ടതുമാണ്. കൃഷിക്കാരുമായി നേരിട്ട് സംവദിക്കുന്ന മൃഗസംരക്ഷണ വകുപ്പിലെ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാർ, ക്ഷീരവികസന വകുപ്പിലെ ഡെയറി എക്സ്റ്റൻഷൻ ഓഫീസർമാർ, ഡെയറിഫാം ഇൻസ്ട്രക്ടർമാർ, മിൽക്ക് യൂണിയനുകളിലെ P & I സൂപ്പർ വൈസർമാർ, വില്ലേജ് റിസോർസ് പേഴ്സൺ - എന്നിവർക്ക് മേൽപ്പറഞ്ഞ വിഷയങ്ങളിൽ ആധികാരികവും വിശദവുമായ ഒരു പരിശീലനം നൽകുകയും, ഇവർ താഴെത്തട്ടിലേക്കിറങ്ങിച്ചെന്ന് കർഷകരിലേക്ക് ഈ വിവരങ്ങൾ പകർന്ന് നൽകുകയും ചെയ്താൽ ഭാവിയിൽ ക്ഷീരമേഖലയിൽ കാതലായ മാറ്റങ്ങൾക്ക് വഴിതെളിക്കും എന്ന കാര്യത്തിൽ സംശയമില്ല.

ആദ്യഘട്ടം എന്ന നിലയിൽ സംസ്ഥാനത്തിന്റെ വടക്കൻ മേഖലയിലെ ആറ് ജില്ലകളിൽ, മൂന്ന് പരിശീലന പരിപാടികൾ നടത്തുവാൻ സർക്കാർതല യോഗത്തിൽ തീരുമാനിച്ചിരുന്നു. ഇതിന്റെ ആദ്യപടിയായി മലപ്പുറം, പാലക്കാട് ജില്ലകളിലെ 170 പരിശീലകർക്കായി ഒരു ഏകദിന പരിശീലന പരിപാടി 19.07.2019 ന് പാലക്കാട് ധോണി ഫാമിൽ നടത്തുകയുണ്ടായി.

പരിശീലന പരിപാടിയുടെ ഉദ്ഘാടനം ബഹു. കേരള വനം, മൃഗസംരക്ഷണ, ക്ഷീരവികസന, മൃഗശാല വകുപ്പ് മന്ത്രി അഡ്വ. കെ. രാജു അവർകൾ നിർവ്വഹിച്ചു. പാലക്കാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, വകുപ്പ് അദ്ധ്യക്ഷൻമാർ, രാഷ്ട്രീയ പ്രമുഖർ എന്നിവർ പങ്കെടുത്തു.

ഇതോടൊപ്പം ബോർഡ് നടപ്പിലാക്കിയ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് കർഷകരെ ആദരിക്കുകയും, ധനസഹായങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.

1. പാലക്കാട് ജില്ലയിൽ ലിംഗനിർണ്ണയം നടത്തിയ ബീജമാത്രകൾ ഉപയോഗിച്ചുള്ള പൈലറ്റ് പദ്ധതിയുടെ ഏതാനും ഗുണഭോക്താക്കൾക്ക് ധനസഹായം വിതരണം ചെയ്തു
2. പാലക്കാട് ജില്ലയിൽ ഗിർ പശുക്കളെ വിതരണം ചെയ്തിരുന്നു. ഈ പദ്ധതിയിൽ ഏറ്റവും നല്ല രീതിയിൽ ഇപ്പോഴും ഈ ഉരുക്കളെ പരിപാലിക്കുകയും അതിൽ വിജയിക്കുകയും ചെയ്ത കർഷകരെ ആദരിച്ചു.
3. ബോർഡിന്റെ പ്ലാൻ പദ്ധതി പ്രകാരം തീറ്റപ്പുൽ കൃഷി ചെയ്യുന്ന കർഷകർക്ക് ധനസഹായം വിതരണം ചെയ്തു.

സംസ്ഥാനത്തിന്റെ കന്നുകാലി പ്രജനന നയരേഖയും, പ്രജനന നയത്തെക്കുറിച്ചും കൃത്രിമ ബീജാധാനത്തെക്കുറിച്ചും പരിശീലകർക്കുള്ള മാർഗ്ഗരേഖയും പ്രസ്തുത പരിപാടിയിൽ പ്രകാശനം ചെയ്തു. കോഴിക്കോട്, വയനാട് ജില്ലകളിലേയ്ക്കുള്ള പരിശീലന പരിപാടി 2020 ഫെബ്രുവരി മാസത്തിൽ നടക്കുന്നതാണ്.



**സംസ്ഥാന സർക്കാരിന്റെ കന്നുകാലി പ്രജനന നയരേഖ ബഹു. മന്ത്രി മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർക്ക് നൽകി പ്രകാശനം ചെയ്തു.**

# നാടൻ ജനുസ്സുകളിലെ ഭ്രൂണമാറ്റ പദ്ധതി വിജയത്തിലേക്ക്

രാജ്യത്ത് അന്യം നിന്ന് കൊണ്ടിരിക്കുന്ന വെച്ചൂർ, സഹിവാൾ തുടങ്ങിയ നാടൻ ജനുസ്സുകളുടെ കൂടുതൽ കുട്ടികളെ കുറഞ്ഞ സമയത്തിനുള്ളിൽ ഉൽപ്പാദിപ്പിക്കുന്നതിന് വേണ്ടി 2018 ഡിസംബർ മാസത്തിൽ മാട്ടുപ്പെട്ടി ഭ്രൂണമാറ്റ സാങ്കേതിക വിദ്യാ ലബോറട്ടറിയിൽ ആരംഭിച്ച പ്രത്യേക പദ്ധതി വിജയം കാണുന്നു. ഭ്രൂണമാറ്റത്തിലൂടെ 13 പശുക്കൾക്ക് ചെനയേൽക്കുകയും 6 കുട്ടികൾ ഇതിനോടകം ജനിക്കുകയും ചെയ്തിട്ടുണ്ട്.





ഭ്രൂണമാറ്റത്തിലൂടെ ജനിച്ച വെച്ചൂർ, സഹിവാൾ കുട്ടികൾ

# ആടുകളിലെ കൃത്രിമ ബീജാധാനം

## പരിശീലന പരിപാടി പൂർത്തിയായി



സംസ്ഥാനത്ത് കന്നുകാലികൾക്ക് നിലവിൽ 2939 കൃത്രിമ ബീജാധാന കേന്ദ്രങ്ങളാണുള്ളത്. എന്നാൽ ഇവയിൽ ആടുകൾക്ക് കൃത്രിമ ബീജാധാനത്തിനുള്ള സൗകര്യങ്ങൾ ലഭ്യമായിട്ടുള്ളത് 689 കേന്ദ്രങ്ങളിൽ മാത്രമാണ്. ഈ സൗകര്യങ്ങൾ 500 കേന്ദ്രങ്ങളിൽ കൂടി നടപ്പാക്കുന്നതിനും ബന്ധപ്പെട്ട കേന്ദ്രങ്ങളിലെ ഡോക്ടർമാർക്കും, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർക്കും വിദഗ്ദ്ധ പരിശീലനം നൽകുന്നതിനുമുള്ള പദ്ധതിയുടെ ഭാഗമായി മൃഗസംരക്ഷണ വകുപ്പിലെ 500 ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർക്ക് വിദഗ്ദ്ധ പരിശീലനം നൽകുകയുണ്ടായി. ബോർഡിന്റെ പാലക്കാട് ജില്ലയിലെ ധോണി ഫാമിലെ പരിശീലന കേന്ദ്രത്തിലും ആട് പ്രജനന കേന്ദ്രത്തിലുമായിരുന്നു പരിശീലനം നൽകിയത്.

# കൂടുതൽ നാടൻ ജനുസ്സ് കാളകളെത്തി

**“കേരളത്തിന്റെയും ഇതര സംസ്ഥാനങ്ങളുടെയും ആവശ്യകത കണക്കിലെടുത്ത് കൂടുതൽ നാടൻ ജനുസ്സ് വിത്തുകാളകളെ ബോർഡ് വാങ്ങുകയും ഇവയുടെ ബീജം സംസ്കരിക്കുവാൻ തുടങ്ങുകയും ചെയ്തു.**



## സഹിവാൾ

പാകിസ്ഥാനിലെ പഞ്ചാബ് പ്രവിശ്യയിലെ സഹിവാൾ ജില്ലയിലാണ് ഇവ ഉത്ഭവിച്ചത്. പാലുൽപ്പാദനക്ഷമതയിൽ ഭാരതത്തിലെ അറിയപ്പെടുന്ന ഒരു തദ്ദേശീയ ഇനമാണ് സഹിവാൾ.

## റെഡ് സിന്ധി

പാകിസ്ഥാനിലെ സിന്ധ് പ്രവിശ്യയിൽ ഉത്ഭവിച്ച ഈ ജനുസ്സുകൾ, സങ്കര പ്രജനനത്തിന് ഏറ്റവും ഉചിതമാണ്. പ്രതിരോധ ശേഷി (Heat tolerance, Tick resistance, Disease resistance) കൂടിയ ഈ ജനുസ്സുകൾ കൂടുതലായി സങ്കര പ്രജനനത്തിനുപയോഗിക്കപ്പെടുന്നു.



## റാത്തി

രാജസ്ഥാൻ സ്വദേശികളായ ഈ ജനുസ്സ്, പ്രതികൂല കാലാവസ്ഥാ സാഹചര്യങ്ങൾ അതിജീവിക്കാൻ കഴിവുള്ളവയാണ്.





## കാങ്കയം

തമിഴ്നാട്ടിലെ തിരുപ്പൂർ ജില്ലയിലെ കാങ്കയം സ്വദേശികളാണ് ഈ ജനുസ്സ്. പാലുൽപ്പാദന ശേഷി കുറവായ ഇവയെ കൂടുതലായും ജല്ലിക്കെട്ട് പോലുള്ള ഉത്സവങ്ങൾക്കായാണ് തമിഴ്നാട്ടിൽ ഉപയോഗിക്കുന്നത്.

# ഗോശ്രീ @ സ്കൂൾ പഠന സംഘം ധോണി ഫാമിൽ




കണ്ണൂർ ജില്ലയിൽ മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന ഗോശ്രീ @ സ്കൂൾ പദ്ധതിയുടെ ഭാഗമായി പാനൂർ പി.ആർ.മെമ്മോറിയൽ ഹൈസ്കൂൾ വിദ്യാർത്ഥികളുടെ പഠനസംഘം 2019 ഡിസംബർ 7-ാം തീയതി ബോർഡിന്റെ ധോണി ഫാം സന്ദർശിച്ചു. പുതുതലമുറക്കാരിൽ പശുവളർത്തൽ പ്രോൽസാഹിപ്പിക്കുക എന്ന പ്രധാന ഉദ്ദേശ്യത്തോടെ ആരംഭിച്ചിരിക്കുന്ന പദ്ധതിയാണിത്. പദ്ധതിയുടെ കോർഡിനേറ്റർ പാനൂർ മൃഗാശുപത്രി വെറ്ററിനറി സർജൻ ഡോ. അനിൽ കുമാർ, സംസ്ഥാന പട്ടികജാതി, പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ഡോ. നാസർ, കെ.എൽ.ഡി.ബി. ധോണി ഫാം കോർഡിനേറ്റർ ശ്രീ. ജെ. കാർത്തികേയൻ തുടങ്ങിയവർ പങ്കെടുത്തു.

# കർണ്ണാടക മിൽക്ക് ഫെഡറേഷൻ ഉദ്യോഗസ്ഥർ മാട്ടുപ്പെട്ടി ഫാമിൽ

കർണ്ണാടക മിൽക്ക് ഫെഡറേഷന്റെ കീഴിൽ ഹൈടെക് ഡെയറി ഫാമുകൾ നിർമ്മിക്കുന്നതിനെക്കുറിച്ച് വിശദമായി പഠിക്കുവാനും നേരിട്ട് കണ്ട് മനസ്സിലാക്കുവാനുമായി കർണ്ണാടക മിൽക്ക് ഫെഡറേഷൻ (കെ.എം.എഫ്) പ്രതിനിധികൾ 2019 ഒക്ടോബർ 22-ാം തിയതി മാട്ടുപ്പെട്ടി ഹൈടെക് ബുൾമദർ ഫാം സന്ദർശിച്ചു. ഫാമിന്റെ പ്രവർത്തനങ്ങൾ ബോദ്ധ്യപ്പെട്ട സംഘം, തങ്ങളുടെ സംരംഭത്തിന് കെ.എൽ.ഡി. ബോർഡിന്റെ സാങ്കേതിക സഹായം അഭ്യർത്ഥിക്കുകയും, വിശദമായ തുടർ ചർച്ചകൾ നടത്തുന്നതുമാണെന്നറിയിച്ചു.




## പുതിയ ആട് വർഗ്ഗങ്ങൾ -പ്രജനനത്തിന് തയ്യാറായി

സംസ്ഥാനത്ത് പ്രധാനമായും മലബാറി ആടുകളുടെ ഗാഢശീതീകരിച്ച ബീജമാണ് കൃത്രിമ ബീജാധാനത്തിനായി വിതരണം ചെയ്യുന്നത്. അടുത്ത കാലത്തായി മറ്റ് ജനുസ്സുകളിൽപ്പെട്ട ആടുകളെ വളർത്തുന്ന പ്രവണത സംസ്ഥാനത്ത് വർദ്ധിച്ചു വരുന്നതായി കാണുന്നു. പ്രധാനമായും സ്വകാര്യ ഫാമുകളും ഏതാനും ചില കർഷകരും ഈ രംഗത്തേയ്ക്ക് കൂടുതലായി വന്നിട്ടുണ്ട്. ഈയിനം ആടുകളെ പ്രജനനം ചെയ്യുന്നതിലേയ്ക്കായി മേൽത്തരം മുട്ടനാടുകൾ ആവശ്യാനുസരണം എല്ലായിടത്തും ലഭ്യമല്ല. ഈ പ്രശ്നത്തിന് പരിഹാരമായി ബോർഡ് ഇതര ജനുസ്സുകളിൽപെട്ട മുട്ടനാടുകളുടെ ബീജവും വിതരണത്തിന് തയ്യാറാക്കിക്കഴിഞ്ഞു.

### ബീറ്റൽ



പാലിനു മാംസത്തിനും വേണ്ടി ഒരുപോലെ വളർത്തുവാൻ പാകത്തിനുള്ള ഈ ജനുസ്സ്, പഞ്ചാബിലാണ് അധികവും കണ്ടുവരുന്നത്.

### സിറോഹി



രാജസ്ഥാനിലെ സിറോഹി ജില്ലയിൽ ഉത്ഭവിച്ചിട്ടുള്ള ഈയിനം ആടുകളെ പ്രധാനമായും ഇറച്ചി ആവശ്യത്തിനാണ് വളർത്തുന്നത്.

# ആയൂരിൽ ക്ഷീരകർഷക സംഗമവും നാടൻ പശുക്കുട്ടി വിതരണവും



**2019 ഡിസംബർ 8–ാം തീയതി ആയൂരിൽ സംഘടിപ്പിച്ച ക്ഷീര കർഷക സംഗമം ബഹു. വനം – മൃഗസംരക്ഷണം–ക്ഷീര വികസനം– മൃഗശാല വകുപ്പ് മന്ത്രി. അഡ്വ. കെ. രാജു ഉദ്ഘാടനം ചെയ്യുന്നു.**

ആയൂർ ക്ഷീരവ്യവസായ സഹകരണ സംഘത്തിന്റേയും കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിന്റേയും സംയുക്താഭിമുഖ്യത്തിൽ 2019 ഡിസംബർ 8–ാം തീയതി സംഘടിപ്പിച്ച ക്ഷീരകർഷക സംഗമവും നാടൻ പശുക്കുട്ടി വിതരണവും വനം - വന്യജീവി മൃഗസംരക്ഷണ വകുപ്പ് മന്ത്രി അഡ്വ. കെ. രാജു ഉദ്ഘാടനം ചെയ്തു.

സംസ്ഥാനം പാലുൽപ്പാദന രംഗത്ത് സ്വയം പര്യാപ്തത കൈവരിക്കാൻ ഒരുങ്ങുകയാണ്. നിലവിൽ ഒരു പശുവിൽ നിന്നും ലഭിക്കുന്ന ശരാശരി പാലിന്റെ അളവ് 10.25 ലിറ്ററാണ്. ക്ഷീരവ്യവസായ മേഖലയെ പരിപോഷി പ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡുമായി ചേർന്ന് ഒട്ടനവധി പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്നും അദ്ദേഹം പറഞ്ഞു. ഏകദേശം എട്ട് ലക്ഷത്തോളം കുടുംബങ്ങൾ ക്ഷീരവ്യവസായ മേഖലയെ ആശ്രയിച്ചു കഴിയുന്നവരാണ്. ഇവരെല്ലാം ക്ഷീരവ്യവസായ മേഖലയെ ജീവനോപാധിയായാണ് കാണുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ആയൂർ ആരാധന ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ആയൂർ കളക്ടീവ് ഡെയറി ഫാമിനായുള്ള പുനരുദ്ധാരണ പാക്കേജ് പ്രഖ്യാപനവും ആദ്യഘട്ട കിടാരി വിതരണവും, തീറ്റപ്പുൽകൃഷിക്കുള്ള ധനസഹായ വിതരണോദ്ഘാടനവും മന്ത്രി നിർവ്വഹിച്ചു.

ആയുർ ഗവൺമെന്റ് എൽ.പി.എസ്സിലെ തെരഞ്ഞെടുത്ത പത്ത് വിദ്യാർത്ഥികൾക്കുള്ള നാടൻ പശുക്കുട്ടി വിതരണവും നടത്തി.

അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി രഞ്ചു സുരേഷ് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ കെ.എൽ.ഡി.ബോർഡ് മാനേജിംഗ് ഡയറക്ടർ ഡോ.ജോസ് ജെയിംസ് റിപ്പോർട്ട് അവതരിപ്പിച്ചു. ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എസ്. അരുണാദേവി, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് രാധാകൃഷ്ണൻ നായർ, ഇടമുളയ്ക്കൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. വി. രവീന്ദ്രനാഥ്, ആയൂർ കളക്ടീവ് ഡെയറി ഫാം പ്രസിഡന്റ് കുണ്ടൂർ ജെ. പ്രഭാകരൻപിള്ള, മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ഡോ. എം. കെ. പ്രസാദ്, ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി അനിത, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു. ആയൂർ ക്ഷീരവ്യവസായ സഹകരണ സംഘം പ്രസിഡന്റ് ജി. എസ്. അജയകുമാർ നന്ദി രേഖപ്പെടുത്തി.



ആയൂർ കളക്ടീവ് ഡയറി ഫാമിനുള്ള ആദ്യഘട്ട കിടാരി വിതരണം
ബഹു.മന്ത്രി നിർവ്വഹിക്കുന്നു.



ആയൂർ എൽ.പി.സ്കൂൾ വിദ്യാർത്ഥികൾക്ക് നാടൻ പശുക്കുട്ടി വിതരണം
ബഹു.മന്ത്രി നിർവ്വഹിക്കുന്നു.

# കുളത്തൂപ്പുഴ സെമൻ സ്റ്റേഷൻ നവീകരിച്ചു

കെ.എൽ.ഡി.ബിയുടെ കുളത്തൂപ്പുഴയിലെ ബീജോൽപ്പാദന കേന്ദ്രം ആധുനിക രീതിയിൽ നവീകരിച്ചു. 2018 ജൂലൈ മാസത്തിൽ ബഹു. വനം - മൃഗസംരക്ഷണ വകുപ്പ് മന്ത്രി അഡ്വ. കെ. രാജു അവർകളുടെ ഗുജറാത്ത് സന്ദർശനത്തിന്റെ ഫലമായി, നാഷണൽ ഡയറി പ്ലാൻ, ഫേസ് -1 ൽ ഉൾപ്പെടുത്തി, 337.90 ലക്ഷം രൂപ കുളത്തൂപ്പുഴ ഫാമിന്റെ നവീകരണത്തിന് നാഷണൽ ഡയറി ഡെവലപ്മെന്റ് ബോർഡ് അനുവദിച്ചിരുന്നു. സെമൻ ലാബ് ആധുനികവൽക്കരിക്കുന്നതിനും, ബുൾ ഷെഡ്ഡുകൾ നവീകരിക്കുന്നതിനും ജൈവസുരക്ഷ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുള്ള നവീന നിർമ്മാണ പ്രവർത്തനങ്ങൾക്കും, അത്യാധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനുമാണ് തുക അനുവദിച്ചത്. നവീകരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിച്ചുകഴിഞ്ഞു.






# കുളത്തൂപ്പുഴ സെമൻ സ്റ്റേഷൻ 'എ' ഗ്രേഡിന്റെ നിറവിൽ



ആധുനികവൽക്കരിക്കപ്പെട്ട കെ.എൽ.ഡി. ബോർഡിന്റെ കുളത്തൂപ്പുഴ സെമൻ സ്റ്റേഷൻ കേന്ദ്ര സർക്കാരിന്റെ കൃഷി മന്ത്രാലയം നിയോഗിച്ച സെൻട്രൽ മോണിറ്ററിംഗ് യൂണിറ്റിന്റെ (CMU) വിലയിരുത്തലിലും പരിശോധനയിലും വീണ്ടും 'എ' ഗ്രേഡ് നിലനിർത്തി. 2019 ഡിസംബർ 5, 6, 7 തീയതികളിലായിരുന്നു വിലയിരുത്തൽ. സെൻട്രൽ മോണിറ്ററിംഗ് യൂണിറ്റ് ചെയർമാനും, നാഷണൽ ഡയറി ഡവലപ്പ്മെന്റ് ബോർഡ് മുൻ ജനറൽ മാനേജരുമായ ഡോ.ആർ.കാശിരാജ്, NDDB ഡയറി സർവ്വീസസ് അലമാദി സെമൻ സ്റ്റേഷൻ (തമിഴ്നാട്) ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി ഡോ.കെ.ദുരൈരാജ് എന്നിവരായിരുന്നു കമ്മിറ്റിയംഗങ്ങൾ.

> കെ.എൽ.ഡി.ബിയുടെ ആഭിമുഖ്യത്തിൽ രാഷ്ട്രീയ ഗോകുൽ മിഷൻ പദ്ധതിയുടെ ഭാഗമായി കട്ടപ്പന, കോട്ടയം, വൈക്കം, മാവേലിക്കര, പ്രോജനി ടെസ്റ്റിംഗ് മേഖലകളിൽ ക്ഷീരകർഷക പങ്കാളിത്തത്തോടെ സെമിനാറുകൾ സംഘടിപ്പിക്കുകയുണ്ടായി.

# ക്ഷീരകർഷക പങ്കാളിത്തത്തോടെ ജനസമ്പർക്ക സെമിനാറുകൾ

## കട്ടപ്പന – സമൃദ്ധി 2019

1. 2019 സെപ്റ്റംബർ 2-ാം തീയതി, ഏകദിന ക്യാമ്പും സെമിനാറും "സമൃദ്ധി 2019" രാജകുമാരി പഞ്ചായത്ത് ഹാളിൽ സംഘടിപ്പിക്കപ്പെട്ടു. രാജകുമാരി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി. ജയാമോൾ ഷാജി സെമിനാറും ക്യാമ്പും ഉദ്ഘാടനം ചെയ്തു.
2. 2019 സെപ്റ്റംബർ 3-ാം തീയതി ഏകദിന ക്യാമ്പും സെമിനാറും നങ്കുത്തൊട്ടി ആപ്കോസിൽ സംഘടിപ്പിക്കുകയുണ്ടായി. ശ്രീ. വിജയൻ, നങ്കുത്തൊട്ടി ആപ്കോസ് ബോർഡ് മെമ്പർ, സെമിനാറും ക്യാമ്പും ഉദ്ഘാടനം ചെയ്തു.



## കോട്ടയം – പുനർജ്ജനി 2019




1. 2019 ഒക്ടോബർ 24-ാം തീയതി ഏകദിന ക്യാമ്പും സെമിനാറും "പുനർജ്ജനി 2019" അയർകുന്നം പഞ്ചായത്ത് ഹാളിൽ സംഘടിപ്പിക്കപ്പെട്ടു. അയർകുന്നം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. മോളി തോമസ് ഉദ്ഘാടനം നിർവ്വഹിച്ചു.
2. 2019 ഒക്ടോബർ 28-ാം തീയതി ഏകദിന ക്യാമ്പും സെമിനാറും "പുനർജ്ജനി 2019" വയല പഞ്ചായത്ത് ഹാളിൽ സംഘടിപ്പിക്കപ്പെട്ടു. വയല ഗ്രാമപഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. കെ. ആർ. ശശിധരൻ നായർ ഉദ്ഘാടനം നിർവ്വഹിച്ചു.

## വൈക്കം - പാലാഴി 2019

2019 നവംബർ 29-ാം തീയതി ഏകദിന ക്യാമ്പും സെമിനാറും ''പാലാഴി 2019''. വൈക്കം ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ സംഘടിപ്പിക്കപ്പെട്ടു. ബഹു. വൈക്കം





എം. എൽ. എ ശ്രീമതി. സി. കെ. ആശ ഉദ്ഘാടനം നിർവ്വഹിച്ചു. വൈക്കം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി എം. വൈ. ജയകുമാരി അദ്ധ്യക്ഷത വഹിച്ചു.

## മാവേലിക്കര - നിറവ് 2019




2019 നവംബർ 18-ാം തീയതി ഏകദിന ക്യാമ്പും സെമിനാറും കുമാരപുരം പഞ്ചായത്ത് ആഡിറ്റോറിയത്തിൽ സംഘടിപ്പിക്കപ്പെട്ടു.

കുമാരപുരം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. എസ്. സുരേഷ് കുമാർ ഉദ്ഘാടനം നിർവ്വഹിച്ചു. കുമാരപുരം വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. സി. എസ്. അജിത് അദ്ധ്യക്ഷത വഹിച്ചു.




2019 നവംബർ 26-ാം തീയതി ഏകദിന ക്യാമ്പും സെമിനാറും ''നിറവ് 2019'' വെൺമണിത്താഴം ക്ഷീരോൽപ്പാദക നവീകരണ സംഘം ഹാളിൽ സംഘടിപ്പിക്കപ്പെട്ടു. വെൺമണി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെ. ലജുകുമാർ ഉദ്ഘാടനം നിർവ്വഹിച്ചു. വൈസ് പ്രസിഡന്റ് ശ്രീമതി അജിതാ മോഹൻ അദ്ധ്യക്ഷത വഹിച്ചു.

## രാത്രികാല സേവന വെറ്ററിനറി ഡോക്ടർമാർക്ക്

# വിദഗ്ദ്ധ പരിശീലനം



ഇന്ത്യൻ വെറ്ററിനറി അസോസിയേഷന്റെ ആഭിമുഖ്യത്തിൽ കെ.എൽ.ഡി. ബോർഡിന്റെ മാട്ടുപ്പെട്ടി പരിശീലന കേന്ദ്രത്തിൽ, മൃഗസംരക്ഷണ വകുപ്പിൽ രാത്രികാല സേവനമനുഷ്ഠിക്കുന്ന വെറ്ററിനറി ഡോക്ടർ മാർക്ക് വന്ധ്യതാ നിവാരണം, കൃത്രിമ ബീജാധാനം, ഡെയറി ഫാമിംഗ് എന്നീ മേഖലകളിൽ വിദഗ്ദ്ധ പരിശീലനം നൽകിവരുന്നു. 14 പേർ വീതമുള്ള 5 ബാച്ചുകൾക്ക് (ആകെ 70 പേർ) പരിശീലനം നൽകുന്നുണ്ട്. പരിശീലന പരിപാടിയുടെ ഔപചാരികമായ ഉദ്ഘാടനം 2019 നവംബർ 4-ാം തീയതി കെ.എൽ.ഡി.ബി, ഡി.ജി.എം (എ.എച്ച്) ഡോ. രാജീവ് മാട്ടുപ്പെട്ടി പരിശീലന കേന്ദ്രത്തിൽ നിർവ്വഹിച്ചു. ഇന്ത്യൻ വെറ്ററിനറി അസോസിയേഷൻ സംസ്ഥാന ട്രഷറർ ഡോ. എ.കെ. മുഹമ്മദ് അസ്‌ലം അദ്ധ്യക്ഷത വഹിച്ചു.

## രാഷ്ട്രീയ ഗോകുൽ മിഷൻ – സന്തതി പരിശോധനാ പദ്ധതി



കേന്ദ്ര സർക്കാരിന്റെ രാഷ്ട്രീയ ഗോകുൽ മിഷൻ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തിന്റെ മൂന്ന് വടക്കൻ ജില്ലകളിൽ സന്തതി പരിശോധനാ പദ്ധതി (Progeny Testing) യിലൂടെ ഉന്നത ജനിതക മൂല്യമുള്ള സങ്കരവർഗ്ഗ ഹോൾസ്റ്റീൻ ഫ്രീഷ്യൻ വിത്തുകാളകളെ ഉൽപ്പാദിപ്പിക്കുന്നതിനുള്ള പദ്ധതി കെ.എൽ.ഡി.ബോർഡിന് ലഭിച്ചു. 2019-20 മുതൽ 2023-24 വർഷങ്ങളിലേയ്ക്ക് 16.38 കോടി രൂപയാണ് അനുവദിച്ചത്.



## ലിംഗനിർണ്ണയം നടത്തിയ ബീജമാത്രകൾ ഇനി സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കും




സങ്കരവർഗ്ഗ പശുക്കളുടേയും, എരുമകളുടേയും, നാടൻ പശുക്കളുടേയും, പശുക്കുട്ടികളെ, കുറഞ്ഞ സമയത്തിനുള്ളിൽ കൂടുതലായി ഉൽപ്പാദിപ്പിക്കുന്നതിനായി ലിംഗനിർണ്ണയം നടത്തിയ ബീജം ഉൽപ്പാദിപ്പിക്കുന്നതിനുള്ള പദ്ധതി കെ.എൽ.ഡി. ബോർഡിന്റെ മാട്ടുപ്പെട്ടി ഫാമിൽ നടപ്പിലാക്കുന്നതാണ്. ലിംഗ നിർണ്ണയം നടത്തിയ ബീജമാത്രകൾ ഉപയോഗിച്ചുള്ള കൃത്രിമ ബീജാധാനത്തിലൂടെ ജനിക്കുന്ന കുട്ടികൾ 90% ലധികവും പശുക്കുട്ടികളായിരിക്കും. ലിംഗ നിർണ്ണയം നടത്തിയ ബീജമാത്രകൾ ഉൽപ്പാദിപ്പിക്കുവാനുള്ള അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കുന്നതിനായി 47.50 കോടി രൂപയുടെ പദ്ധതിയ്ക്ക് കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും അംഗീകാരം ലഭിച്ചു കഴിഞ്ഞു. 28.50 കോടി രൂപ കേന്ദ്ര സർക്കാരും 19.00 കോടി രൂപ സംസ്ഥാന സർക്കാരും പദ്ധതിയ്ക്കായി വിനിയോഗിക്കുന്നതാണ്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി ആരംഭിക്കുന്നതാണ്.

# KLDB- Relentless Pursuit of Excellence

## EXOTIC

HOLSTEIN FRIESIAN



JERSEY



## CROSSBREDS

CROSSBRED JERSEY



CROSSBRED HF



## SUNANDINI

SUNANDINI HF



SUNANDINI JY



## BUFFALO

MURRAH BUFFALO



## INDIGENOUS

RATHI



RED SINDHI



SAHIWAL



VECHUR



GIR



KANGAYAM



KASARGOD DWARF



## GOAT BREEDS

SIROHI



MALABARI



BEETAL



BOER



Design: CHAITRA

WE DELIVER PERFORMANCE....

Edited & Published by: The Managing Director, Kerala Livestock Development Board Ltd. Gokulam, Pattom P.O.
Thiruvananthapuram-695 004 | e-mail: kldboard8@gmail.com | Website: www.livestock.kerala.gov.in